**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിത്യനിധി പിരിവുകാരായ ജീവനക്കാർക്കും അപ്രൈസർമാർക്കും 2012 ഓണത്തോടനുബന്ധിച്ച് ഉത്സവബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

**സ:ഉ(സാധാ)നം. 454/12/സഹ. തിരുവനന്തപുരം, തീയതി, 22.08.2012.**

---

പരാമർശം:- 1) 27.08.2011-ലെ സ.ഉ.(സാധാ)നമ്പർ 487/11/സഹ നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാറുടെ 09.08.2012-ലെ ഇ.എം.(1)39031/2012-ാം നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വിവിധ അർബൻ സഹകരണ സംഘങ്ങൾ, ജില്ലാസഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിങ്ങനെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നിത്യനിധി പിരിവുകാർക്കും അപ്രൈസർമാർക്കും 2011 ഓണത്തോടനുബന്ധിച്ച് 2,500/- (രണ്ടായിരത്തി അഞ്ഞൂറ് മാത്രം) രൂപ ഉത്സവബത്തയായി അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) സഹകരണ സ്ഥാപനങ്ങളിലെ നിത്യനിധി പിരിവുകാർക്കും അപ്രൈസർമാർക്കും 2012 ഓണത്തോടനുബന്ധിച്ച് പ്രസ്തുത ഉത്സവബത്ത 3,000/-രൂപയായി വർദ്ധിപ്പിച്ച് നൽകാമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വിവിധ അർബൻ സഹകരണ സംഘങ്ങൾ, ജില്ലാസഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിങ്ങനെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നിത്യനിധി പിരിവുകാർക്കും അപ്രൈസർമാർക്കും 2012 ഓണത്തോടനുബന്ധിച്ച് 3,000/- (മൂവ്വായിരം രൂപ മാത്രം) രൂപ ഉത്സവബത്തയായി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**പി. വിജയചന്ദ്രൻ**
**അണ്ടർ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
സഹകരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വിവരപൊതുജന സമ്പർക്ക വകുപ്പ്.
സഹകരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ